**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3809

11-11-2019 ൽ മറുപടിയ്ക്ക്

**ബഹുനില കെട്ടിടങ്ങൾക്ക് ഫയർ ആന്റ് സേഫ്റ്റി അനുമതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.വി.ഇബ്രാഹിം**<br>**പ്രൊഫ.ആബിദ് ഹുസൈൻ - തങ്ങൾ**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ.കെ.എം.ഷാജി** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്ത് നിർമ്മിക്കുന്ന ബഹുനില കെട്ടിടങ്ങൾക്ക് ഫയർ & ആന്റ് സേഫ്റ്റി അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;<br><br>ബി) ഏതൊക്കെ തരം കെട്ടിടങ്ങൾക്കാണ് ഇത്തരം അനുമതി നിർബന്ധമാക്കിയിട്ടുള്ളത്; | എ) ബി) കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 55, 56, 58, 60 എന്നീ ചട്ടങ്ങൾ പ്രകാരവും കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 53, 54, 56, 57, 58 എന്നീ ചട്ടങ്ങൾ പ്രകാരവും പ്രസ്തുത ചട്ടങ്ങളിൽ പരാമർശിക്കുന്ന വിഭാഗം കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ അടിത്തറ വിസ്തീർണ്ണം $1000M^2$-ന് മുകളിലോ ഉയരം 15 മീറ്ററിന് മുകളിലോ വരുന്ന കെട്ടിടങ്ങൾക്കാണ് ഫയർ & സേഫ്റ്റി അനുമതി ആവശ്യമായിട്ടുള്ളത്. |
| സി) ഫയർ ആന്റ് സേഫ്റ്റി വിഭാഗത്തിന്റെ അനുമതിയില്ലാതെ സംസ്ഥാനത്ത് പ്രത്യേകിച്ച് നഗര, വിനോദ സഞ്ചാര പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ? | സി) ഉണ്ട്. വകുപ്പിന്റെ അനുമതിയില്ലാത്ത എല്ലാ കെട്ടിടങ്ങൾക്കും ആദ്യഘട്ടമെന്ന നിലയിൽ നോട്ടീസ് നൽകുകയും നോട്ടീസ് നൽകിയിട്ടും അഗ്നിസുരക്ഷാ മാനദണ്ഡം നടപ്പിലാക്കാത്ത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിയ്ക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, ജില്ലാ കളക്ടർമാർക്കും തുടർ നടപടികൾക്കായി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ